**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 386** **16-09-2025 - ൽ മറുപടിയ്ക്ക്**

## LSGD സെക്രട്ടറി വിഭാഗത്തിൽ ഉൾപ്പെടുന്ന മൂന്നാംഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ പോസ്റ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിൽ എത്ര മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ പോസ്റ്റുണ്ട്; തദ്ദേശ സ്വയംഭരണ സർവ്വീസിന്റെ സ്റ്റേറ്റ് റൂൾ പ്രകാരം LSGD സെക്രട്ടറിയിൽ ഉൾപ്പെടുന്ന മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ പോസ്റ്റിലെ 60% ഒഴിവുകൾ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന അസിസ്റ്റൻറ് സെക്രട്ടറി ഹയർ ഗ്രേഡിന് പ്രമോഷൻ നൽകി നികത്താമെന്നിരിക്കെ എത്ര പേർക്ക് ഇപ്രകാരം പ്രമോഷൻ നൽകിയിട്ടുണ്ട്; പൊതു സർവീസ് റൂൾ വന്ന് 2 വർഷം കഴിഞ്ഞിട്ടും ഇപ്രകാരം പ്രൊമോഷൻ നൽകിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിൽ 54 മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ തസ്തിക നിലവിലുണ്ട്.<br><br>തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾ (27.10.2022-ലെ G.O(P) No.74/2022/LSGD) ലെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.<br><br>Note I : In the integrated department 40% of the total strength of Secretaries of Grama Panchayat, Block Panchayat and Municipality shall be appointed by means of direct recruitment. Note 2 : Existing ratio prior to the commencement of these rules will continue till the last person in the above Departments at the time of commencement of these Rules is promoted subject to sub-rules (1) and (2) of Rule 12. The above ratio shall apply to the combined strength of 5(a) and 5(b).<br><br>എന്നാൽ തദ്ദേശ സ്വയംഭരണ പൊതു സർവീസിലെ വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം നിലവിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മുൻ വകുപ്പിലേതു ആയിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>മുൻ നഗരകാര്യ വകുപ്പിലെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-3 തസ്തികയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരുടെ നിയമനം നിലവിൽ ചുവടെ |

| | | | |
|---|---|---|---|
| | | | പറയുന്ന വിധത്തിൽ 4:3:1 അനുപാതത്തിൽ ആണ്.<br><br>ആകെ തസ്തിക – 54<br><br>നേരിട്ടുള്ള നിയമനം - 27<br><br>ബൈട്രാൻസ്ഫർ (മുനിസിപ്പൽ കോമൺ സർവ്വീസ്) - 20<br><br>ബൈട്രാൻസ്ഫർ (അർബൻ) – 7<br><br>തദ്ദേശ സ്വയംഭരണ പൊതു സർവീസിലെ വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 12 പ്രകാര നിലവിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മുൻ വകുപ്പിലേതു ആയിരിക്കു എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലോ അർബൻ അഫയേഴ്സിലോ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-3 തസ്തികയിൽ പ്രൊമോഷൻ നിയമനം ഇല്ലാത്തതിനാലും തദ്ദേശ സ്വയംഭരണ സർവ്വീസിന്റെ സ്റ്റേറ്റ് റൂൾ പ്രകാരം മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ പോസ്റ്റിലെ 60% ഒഴിവുകൾ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന അസിസ്റ്റന്റ് സെക്രട്ടറി ഹയർ ഗ്രേഡിന പ്രൊമോഷൻ നൽകി നികത്താൻ സാധിക്കാത്തതാണ്. |
| (ബി) | പൊതു സർവ്വീസിൽ എങ്ങും പ്രതിപാദിച്ചിട്ടില്ലാത്ത പ്രൊവിഷണൽ സെക്രട്ടറിമാർ എങ്ങനെയാണ് പൊതുസർവ്വീസ് നിലവിൽ വന്ന് 2 വർഷം കഴിഞ്ഞിട്ടും മുനിസിപ്പൽ മൂന്നാം ഗ്രേഡ് സെക്രട്ടറിമാരുടെ ഒഴിവിൽ തുടരുന്നത്; അർഹരായ ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകി മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ 60% ഒഴിവുകൾ നികത്താതെ അനർഹരായ പ്രൊവിഷണൽ സെക്രട്ടറിമാരെ ടി ഒഴിവിൽ നാളിതുവരെ തുടരാൻ അനുവദിച്ചത് പൊതു സർവ്വീസിലെ ഏതെങ്കിലും നിയമപ്രകാരമാണോ; എങ്കിൽ ഏത് നിയമപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (ബി) | **പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ താൽക്കാലിക സംവിധാനം എന്ന നിലയിലാണ് മുൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രൊവിഷണൽ സെക്രട്ടറിമാരുടെ നിയമനം നടത്തിയിരുന്നത്. നിലവിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വരുകയും സെക്രട്ടറി എൽ.എസ്.ജി.ഐ തസ്തികയിൽ നിയമന നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ പ്രൊവിഷണൽ സെക്രട്ടറിമാരെ റിവർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.** |
| (സി) | നിലവിൽ മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ ഒഴിവിൽ എത്ര പ്രൊവിഷണൽ സെക്രട്ടറിമാർ ജോലി നോക്കുന്നു; സ്റ്റേറ്റ് സർവ്വീസിൽ പറഞ്ഞിരിക്കുന്ന പ്രകാരം മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിയുടെ 60% | (സി) | 19 **പ്രൊവിഷണൽ സെക്രട്ടറിമാർ നിലവിൽ മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ ഒഴിവിൽ ജോലി നോക്കുന്നു.**<br><br>**മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലോ അർബൻ അഫയേഴ്സിലോ മേൽ തസ്തികയിൽ പ്രൊമോഷൻ** |

<table>
<tr>
<td></td>
<td>ഒഴിവിലേക്ക് സബോർഡിനേറ്റ് സർവ്വീസിലെ അസിസ്റ്റൻ്റ് സെക്രട്ടറി ഹയർഗ്രേഡ് ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകാൻ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;</td>
<td></td>
<td>നിയമനം ഇല്ലാത്തതിനാൽ മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ പോസ്റ്റിലെ 60% ഒഴിവുകൾ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന അസിസ്റ്റന്റ് സെക്രട്ടറി ഹയർ ഗ്രേഡിന് പ്രൊമോഷൻ നൽകി നികത്താൻ സാധിക്കാത്തതാണ്.</td>
</tr>
<tr>
<td>(ഡി)</td>
<td>തദ്ദേശസ്വയംഭരണ പൊതു സർവ്വീസിന്റെ സ്റ്റേറ്റ് സർവ്വീസിലെ LSGD സെക്രട്ടറി വിഭാഗത്തിൽ ഉൾപ്പെടുന്ന മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ 60% ഒഴിവിലേക്ക് സബോർഡിനേറ്റ് സർവ്വീസിലെ ഹയർഗ്രേഡ് അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് പ്രൊമോഷൻ നൽകി നിയമിക്കുമെന്ന വ്യവസ്ഥ നിലനിൽക്കെ ടി ഹയർ ഗ്രേഡ് അസിസ്റ്റന്റ് സെക്രട്ടറിമാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയത് തദ്ദേശസ്വയംഭരണ പൊതു സർവ്വീസിന്റെ സ്റ്റേറ്റ് സർവ്വീസിലെ ഏത് വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരാണ്;</td>
<td>(ഡി)</td>
<td>തദ്ദേശ സ്വയംഭരണ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ (G.O(P)No.75/2022/LSGD dated 27.10.2022) പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.
<table>
<tr><th>Name of post before integration included in a category</th><th>Name of category after Integration</th></tr>
<tr><td>Joint Block Development Officer (HG)<br><br>Assistant Secretary, Grama Panchayat (HG)<br><br>Junior Superintendent (HG)<br><br>Superintend (HG), Municipal Common Service<br><br>Revenue Officer Gr.II<br><br>Farm Supervisor</td><td>Assistant Secretary (HG), Local Self Government Institution</td></tr>
</table>
</td>
</tr>
<tr>
<td>(ഇ)</td>
<td>മുനിസിപ്പൽ കോമൺ സർവ്വീസിലെ ഹയർഗ്രേഡ് അസിസ്റ്റന്റ് സെക്രട്ടറി കാറ്റഗറിയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്ക് തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് സ്റ്റേറ്റ് റൂളിൽ പറഞ്ഞിരിക്കുന്ന പ്രകാരം പ്രമോഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; സ്റ്റേറ്റ് സർവ്വീസ് റൂളിൽ പറഞ്ഞിരിക്കുന്ന നിയമങ്ങളെല്ലാം തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെട്ട 5 വകുപ്പുകൾക്കും ബാധകമായിരിക്കേ മുനിസിപ്പൽ കോമൺ സർവ്വീസിലെ ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ തസ്തികയായ മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിയുടെ തസ്തിക നൽകാത്തത് നിയമ വിരുദ്ധവും പൊതുസർവ്വീസ് നിയമങ്ങൾക്കും വിരുദ്ധമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;</td>
<td>(ഇ)</td>
<td>ഇല്ല. തദ്ദേശ സ്വയംഭരണ പൊ സർവീസിലെ വിശേഷാൽ ചട്ടങ്ങളിലെ ചട്ട 12 പ്രകാരം നിലവിലെ ജീവനക്കാരു സേവന വേതന വ്യവസ്ഥകൾ മു വകുപ്പിലേതു ആയിരിക്കും എന്ന് വ്യവസ ചെയ്തിട്ടുണ്ട്.<br><br>മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-3 തസ്തികയി ഉൾപ്പെടുന്ന ഉദ്യോഗസ്ഥരുടെ നിയമന ചുവടെ പറയുന്ന വിധത്തിൽ ആണ്.<br><br>ആകെ തസ്തിക – 54<br><br>നേരിട്ടുള്ള നിയമനം - 27</td>
</tr>
</table>

| | | | |
|---|---|---|---|
| | | | ബൈട്രാൻസ്ഫർ (മുനിസിപ്പൽ കോമൺ സർവ്വീസ്) - 20<br><br>ബൈട്രാൻസ്ഫർ (അർബൻ) – 7<br><br>മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലോ അർബൻ അഫയേഴ്സിലോ മേൽ തസ്തികയിൽ പ്രൊമോഷൻ നിയമനം ഇല്ലാത്തതിനാൽ മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ പോസ്റ്റിലെ 60% ഒഴിവുകൾ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന അസിസ്റ്റന്റ് സെക്രട്ടറി ഹയർ ഗ്രേഡിന് പ്രൊമോഷൻ നൽകി നികത്താൻ സാധിക്കാത്തതാണ്. |
| (എഫ്) | മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിയുടെ 60% ഒഴിവിലേക്ക് പരിഗണിക്കാൻ സബോർഡിനേറ്റ് സർവ്വീസിലെ അസി. സെക്രട്ടറി ഹയർ ഗ്രേഡ് നിലനിൽക്കവേ ഏത് നിയമത്തിന്റെ പരിരക്ഷയാണ് പ്രൊവിഷണൽ സെക്രട്ടറിമാർക്ക് ലഭ്യമായതെന്ന് വിശദീകരിക്കുമോ; | (എഫ്) | മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലോ അർബൻ അഫയേഴ്സിലോ മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറി തസ്തികയില്ലേക്ക് പ്രൊമോഷൻ നിയമനം ഇല്ലാത്തതിനാൽ മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ പോസ്റ്റിലെ 60% ഒഴിവുകൾ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന അസിസ്റ്റന്റ് സെക്രട്ടറി ഹയർ ഗ്രേഡിന് പ്രൊമോഷൻ നൽകി നികത്താൻ സാധിക്കാത്തതാണ്. **പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ താൽക്കാലിക സംവിധാനം എന്ന നിലയിലാണ് മുൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രൊവിഷണൽ സെക്രട്ടറിമാരുടെ നിയമനം നടത്തിയിരുന്നത്. നിലവിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വരുകയും സെക്രട്ടറി എൽ.എസ്.ജി.ഐ തസ്തികയിൽ നിയമന നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ പ്രൊവിഷണൽ സെക്രട്ടറിമാരെ റിവർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.** |
| (ജി) | ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; നിലവിൽ ടി നഗരസഭകളിലെ അനുവദിക്കപ്പെട്ട തസ്തികകൾ ഏതൊക്കെയാണ്? | (ജി) | നഗരസഭകളിൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. മൂന്നാം ഗ്രേഡിന് മുകളിലുള്ള നഗരസഭകളിൽ മുനിസിപ്പൽ സെക്രട്ടറിക്കു പുറമെ ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ ഓഫീസർ, കൗൺസിൽ സെക്രട്ടറി, അക്കൗണ്ടന്റ്, സീനിയർ ക്ലാർക്ക്, ക്ലാർക്ക് തുടങ്ങിയ തസ്തികകൾ നിലവിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ